# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1057 — 28.04.2017 -ലെ മറുപടി

**ദേശമംഗലം ചീരക്കുഴി കനാലിനു മുകളിലൂടെയുള്ള പാലവും ബണ്ട് റോഡും**

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | മറുപടി<br>മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പുമന്ത്രി | |
|---|---|---|---|
| എ) | ചേലക്കര നിയോജക മണ്ഡലം എൽ.എ.സി എ.ഡി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിന് ഭരണാനുമതി നൽകിയ ദേശമംഗലം ഗ്രാമപഞ്ചായത്തിലെ ചീരക്കുഴി ഇറിഗേഷൻ പ്രോജക്ടിന്റെ, ചീരക്കുഴി കനാലിനു മുകളിലൂടെയുള്ള പാലവും കനാൽ ബണ്ട് റോഡും പ്രവൃത്തിക്ക് ഇതുവരെ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എൻ.ഒ.സി. നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | 1.9.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പിന് ഭരണാനുമതി നൽകിയ ഈ പ്രവൃത്തിക്ക് എൻ.ഒ.സി. നൽകുന്നതിന് എന്താണ് തടസ്സമായി നിൽക്കുന്നത്; | ബി) & സി) | ചീരക്കുഴി കനാലിന്റെ ബണ്ട് റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഇടതു കനാൽ ബണ്ടിൽ കൈയ്യേറ്റമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ, കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 ന്റെ കാര്യാലയത്തിൽ നിന്നാണ് ചീരക്കുഴി കനാലിനു മുകളിലൂടെയുള്ള പാലവും കനാൽ ബണ്ട് റോഡും നിർമ്മിക്കുന്ന പ്രവൃത്തിക്ക് എൻ.ഒ.സി നൽകേണ്ടത്. |
| സി) | വളരെയധികം യാത്രാ സൗകര്യം ലഭ്യമാകുന്നതാണ് ഈ പ്രവൃത്തി എന്നതു കണക്കിലെടുത്ത് എൻ.ഒ.സി. നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ